ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാന്റ് മാത്രമായി നൽകുന്ന പദ്ധതികൾ ഒന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

കൊല്ലം കാപ്പക്സിന് നൽകിയ ധനസഹായം

17 (972)ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം കാപ്പക്സിന് നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സ്ഥാപനത്തിലെ സാമ്പത്തിക ദുർവിനിയോഗം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1996-98 കാലയളവിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾക്കെതിരെ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള അന്വേഷണങ്ങൾ ഏതെല്ലാം;

(ഡി) 1996-98 കാലയളവിലെ ക്രമക്കേടുകളെക്കുറിച്ച് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ്, റിയാബ്, വിജിലൻസ് ഡിപ്പാർട്ടുമെന്റ് എന്നിവ നടത്തിയ അന്വേഷണങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) അന്വേഷണ റിപ്പോർട്ടുകളിൽമേൽ കൈക്കൊണ്ട നടപടികളെന്തെല്ലാമാണ്;

(എഫ്) ക്രമക്കേടുകൾ സംബന്ധിച്ച് നിലവിലുള്ളതും പൂർത്തിയായതുമായ അന്വേഷണങ്ങൾ എന്തെല്ലാമെന്നും അതിൻമേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)

ഇനം	വർഷം	തുക (രൂപയിൽ)
മാർജിൻമണി ലോൺ	1996	2,83,00,000
പായ്ക്കിംഗ്ക്രെഡിറ്റ് തിരികെ നൽകുന്നതിന്	1997	8,14,00,000
ബോണസ് നൽകുന്നതിന്	1997	1,15,00,000
മാർജിൻ മണിലോൺ	1998	2,00,00,000
ബോണസ് നൽകുന്നതിന് (കെ.എം.എം.എൽ.ൽനിന്ന്)	1998	1,30,00,000
ബോണസ് നൽകുന്നതിന് (ടൈറ്റാനിയത്തിൽനിന്ന്)	1998	1,00,00,000
നവീകരണം	1999	50,00,000
ബോണസ്	1999	1,00,00,000
നവീകരണം	1999	50,00,000

LIBRARY ARCHIVES Kerala Legislative Assembly

ആകെ	18,42,00,000

(ബി) സാമ്പത്തിക ദുർവിനിയോഗം സംബന്ധിച്ച ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)-(എഫ്) 1996-97 കാലയളവിൽ കാപ്പക്സിൽ നടന്നു എന്നു പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അന്വേഷണം നടത്തിവരുന്നു. ക്രമക്കേടുകൾ അന്വേഷിക്കാൻ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം സംബന്ധിച്ച് ഈ വകുപ്പിന് വിവരങ്ങൾ ലഭ്യമല്ല. റിയാബ് അന്വേഷണം ഒന്നും നടത്തിയതായി അറിയില്ല.

വട്ടവിള - പിരായിമൂട് പാലത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുക

18 (973)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വട്ടവിള-പിരായിമൂട് പാലത്തിന്റെ പണി ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം പൂർത്തിയായ പണികൾക്ക് സമർപ്പിച്ചിട്ടുള്ള പാർട്ടു ബില്ലിന് തുക അനുവദിക്കാത്തതിനാൽ പ്രസ്തുത പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമായ തുക അടിയന്തിരമായി അനുവദിച്ച് പാലം പണി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്തംഭനാവസ്ഥയിലല്ല.

(സി) സ്വീകരിക്കാം.

1999 - 2000 സാമ്പത്തിക വർഷത്തിൽ പിരിച്ച നികുതി

19 (974)ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ്, സെയിൽസ്ടാക്സ്, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ് എന്നീ ഇനങ്ങളിലുള്ള നികുതികളിലൂടെ 1999-2000 സാമ്പത്തികവർഷം എന്തു തുക ലഭിച്ചു;

(ബി) ഈ ഇനത്തിലുള്ള നികുതി പിരിക്കുന്നതിന് സർക്കാർ സ്റേറ ഉത്തരവുകൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ മൊത്തം തുക എത്ര?

ഉത്തരം

(എ) 51,68,54,0,7,0,40 രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly